ശ്രീ. കെ. കെ. ബാലകൃഷ്ണൻ : വാഷിംഗ് അലവൻസും യൂണിഫാമും നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അതു് ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : സ്കാവഞ്ചർ എന്നുള്ള പേരു മാറ്റി, ആ ജോലി മാറ്റിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പേരു മാറ്റണമെന്നു പറഞ്ഞതനുസരിച്ചു് മാറ്റി. അവരുടെ ജോലി മാറ്റിയിട്ടില്ല.

ശ്രീ. ഇ. പി. ഗോപാലൻ : യൂണി കൊടുത്താൽ സ്റ്റിച്ചിംഗ് ചാർജ് കൊടുക്കുന്നില്ലെന്നുള്ള ആക്ഷേപം കിട്ടിയിട്ടില്ലേ; അതിനു് പരിഹാരം ഉണ്ടാക്കിയോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അതു മാത്രമല്ല 1957-ലോ 1958-ലോ കണ്ടിൻജൻസിയിൽ ഇരുന്നവരെ റെഗുലർ എസ്റ്റാബ്ലിഷ്മെന്റിലേക്കു് മാറ്റുകയുണ്ടായി. കണ്ടിൻജൻസിക്കാർക്കു കിട്ടുന്ന ആനുകൂല്യങ്ങളും ഇവർക്കു് തുടർന്നു കിട്ടണമെന്നാണു ഡിമാൻഡു വച്ചിട്ടുള്ളതു്. അതു പരിഗണനയിലിരിക്കുകയാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഈ ജോലിക്കാർ 3 കൊല്ലം തുടർച്ചയായി ഒരിടത്തു ജോലിയിലിരിക്കാൻ അനുവദിക്കാതെ സ്ഥലം മാറ്റണമെന്നു കല്പന കൊടുത്തിട്ടുണ്ടോ? അതു മാറ്റി അന്യനാട്ടിൽപോയി ജോലി ചെയ്യാൻ നിവൃത്തിയില്ലാത്ത പരിതഃസ്ഥിതിയുള്ളതുകൊണ്ടു് അവർക്കു അവരുടെ സ്ഥലത്തുതന്നെ ജോലി നൽകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : തുടർച്ചയായിരിക്കുന്ന വിഭാഗക്കാരെ മാറ്റണമെന്നുണ്ടു്. അതിനകത്തു ഏതെല്ലാം കൃത്യമായിട്ടു വരുമെന്നു പ്രത്യേകം ഒരു ചോദ്യം ചോദിച്ചാലെ പറയാൻ കഴിയുകയുള്ളൂ.

ശ്രീ. ഇ. പി. ഗോപാലൻ : ചെരുപ്പു് കൊടുക്കുന്നതിനു പകരം പണം കൊടുത്താൽ അവരുടെ കാലിനൊത്ത ചെരുപ്പു് വാങ്ങാൻ കഴിയുമെന്നു് നിവേദനം കിട്ടിയിട്ടില്ലേ; അതു പരിഗണിക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : കിട്ടിയിട്ടുണ്ടു്. അതു് അനുസരിച്ചു് മേലാൽ പണം കൊടുത്താൽ മതിയെന്നു് ആർഡർ ആയിട്ടുണ്ടു്.

റോഡുകളുടെ പണി

* 728. [3] ശ്രീ. ടി. ഒ. ബാവ : * താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1963–64–ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന റോഡുകളുടെ പണി ഏതെങ്കിലും നിറുത്തി വയ്ക്കുകയുണ്ടായോ ;

(ബി) എറണാകുളം ജില്ലയിൽ പെരുമ്പാവൂർ സബ് ഡിവിഷനിൽപ്പെട്ട കിഴക്കമ്പലം–ചിത്രപ്പുഴ റോഡു നന്നാക്കുന്നതിനു ടെൻഡർ വിളിച്ചിരുന്നോ ;

(സി) ടെൻഡർ വിളിച്ചിരുന്നെങ്കിൽ അതിനു ശേഷം അതു നിറുത്തിവയ്ക്കാൻ ഉണ്ടായ കാരണം എന്താണു്?

* Put by Shri K. C. Abraham.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) കുറെ റോഡുകളുടെ പണി മാറ്റിവച്ചിട്ടുണ്ട്.

(ബി) ടെൻഡർ വിളിച്ചിരുന്നു.

(സി) ഈ റോഡിന്റെ പണി നിറുത്തി വച്ചിട്ടില്ല.

ശ്രീ. സി. എ. മാത്യു : കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ജോലി നടത്താതിരുന്നതു ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ട്. അവയ്ക്കു ലംപ്സം ഫണ്ടിൽനിന്നും തുക എടുത്തു നടത്താൻ തയ്യാറാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ പല വർക്കുകളും മാറ്റിയിട്ടുണ്ട്. അതെല്ലാം ഇപ്പോൾ എടുത്തു നടത്താൻ സാധിക്കുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി : റോഡുകൾ പണിഞ്ഞശേഷം ഇടയ്ക്കുള്ള കലുങ്കുകളും, ചെറിയ ചെറിയ പാലങ്ങളും നിർമ്മിക്കാതെ ഉപയോഗശൂന്യമായി കിടക്കുന്ന റോഡുകളെ സംബന്ധിച്ചിടത്തോളം അതു വേഗം തീർക്കുന്നതിനു വ്യക്തമായി ഓർഡർ കൊടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ധനസ്ഥിതിയനുസരിച്ചു ഇത്തരം പ്രവൃത്തികളും തുടർന്നു നടത്തണമെന്നാണു് ഉദ്ദേശിക്കുന്നതു്. ഇപ്പോൾ പറഞ്ഞതു് ഏതു വർക്കിനെ ഉദ്ദേശിച്ചാണെന്നു മനസിലായില്ല. അങ്ങനെ ഏതെങ്കിലും പ്രത്യേക വർക്കിനെ സംബന്ധിച്ചു ആക്ഷേപമുണ്ടെങ്കിൽ അതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അന്വേഷിക്കാം.

കേരളത്തിലെ അനാഥമന്ദിരങ്ങളും യാചക കേന്ദ്രങ്ങളും

* 729. [4] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തു് എത്ര അനാഥ മന്ദിരങ്ങൾ ഉണ്ടു്; എവിടെയെല്ലാം ;

(ബി) നഗരസഭകൾ നടത്തുന്ന അനാഥാലയങ്ങൾ (യാചക കേന്ദ്രങ്ങൾ) എത്ര ;

(സി) ഗവണ്മെന്റു് നടത്തുന്നവ എത്ര ;

(ഡി) ചർച്ചുകളും, മറ്റു മതസ്ഥാപനക്കാരും നടത്തുന്ന അനാഥാലയങ്ങൾ എത്ര ;

(ഈ) ഇവയിൽ സർക്കാർ ഗ്രാന്റു് കൊടുക്കുന്ന അഗതിമന്ദിരങ്ങളും യാചകകേന്ദ്രങ്ങളും ഏതെല്ലാം?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 153; ഡിസ്ട്രിക്ടു് അടിസ്ഥാനത്തിലുള്ള ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

(ബി) 8.

(സി) ഗവണ്മെന്റു നേരിട്ടു നടത്തുന്നതായി ഒന്നുമില്ല.

(ഡി) 145.

(ഈ) ഗ്രാന്റു വാങ്ങുന്ന സ്ഥാപനങ്ങളുടെ പേരു് മേശപ്പുറത്തു വച്ചിട്ടുള്ള ലിസ്റ്റിൽ ചേർത്തിട്ടുണ്ടു്.

ശ്രീ. ആർ. സുഗതൻ : പള്ളുരുത്തിയിലുള്ള അനാഥമന്ദിരത്തിന്റെ വേലിയും തട്ടിയും എല്ലാം പൊളിഞ്ഞു പോയിട്ടുണ്ടു്. അതു് ശരിയാക്കുമോ?

* Appendix I

LIBRARY ARCHIVES Kerala Legislative Assembly